I/127664/2023

**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. AFSANA PERWEEN IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –സൈക്കോ സോഷ്യൽ പദ്ധതി - 'വർണ്ണക്കൂട്ടി'ലെ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകിയയിനത്തിൽ 2022-23 നാലാം ക്വാർട്ടറിൽ ചെലവായ തുക അനുവദിച്ച ഉത്തരവാകുന്നു

പരാമർശം:

1. സ.ഉ,(സാധാ) നം. 239/2022 /വശിവിവ, തീയതി : 21/05/2022
2. വനിതാ ശിശു വികസന ഡയറക്ടറുടെ 27.06.2022 തീയതിയിലെ ഇതേ നം. സർക്കുലർ
3. ഈ കാര്യാലയത്തിൽ നിന്നുള്ള 19/07/2022, 16/12/2022 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവ്
4. ഈ കാര്യാലയത്തിൽ നിന്നുള്ള 27/01/2023 ലെ ഇതേ നമ്പർ ഉത്തരവ്
5. 25/03/2023 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്
6. ജില്ലാതല ഐ സി ഡി എസ് സെല്ലിൽ നിന്ന് പ്രോഗ്രാം ഓഫീസർമാർ ലഭ്യമാക്കിയ വിശദാംശങ്ങൾ

**ഉത്തരവ് നം. DWCD/1214/2022/ICDSA6 തീയതി: 22-11-2023**

അങ്കണവാടികളോടനുബന്ധിച്ച പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിലെ (വർണ്ണക്കൂട്ടിലെ) അംഗങ്ങൾക്ക് നാല് ക്വാർട്ടറുകളിലായി കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സൻസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ നല്കുന്നതിലേയ്ക്ക് സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഫണ്ട് അനുവദിച്ച ഉത്തരവായിട്ടുണ്ട്. ഓരോ ക്ലാസ്സിലും നൽകേണ്ട ബോധവൽക്കരണ ക്ലാസ്സുകളുടെ വിഷയങ്ങളും തുടർപ്രവർത്തനങ്ങളും സംബന്ധിച്ചും, ക്ലാസുകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ സംബന്ധിച്ചും പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ആദ്യ മൂന്ന് ക്വാർട്ടറുകൾക്കാവശ്യമായ തുക പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സണിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിലേക്ക് നാലാം ക്വാർട്ടറിലെയ്ക്ക് ആവശ്യമായ തുക പരാമർശം (4) പ്രകാരം ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് ആകെ 82,78,750/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ അനുവദിച്ച ശീർഷകത്തിലെ തുക എൻഹാൻസ് ചെയ്ത് ലഭ്യമാക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക വർദ്ധിപ്പിച്ച് ലഭിക്കുകയുണ്ടായില്ല. അക്കാരണത്താൽ 4-ാം കർട്ടർ തുക ജില്ലകളിലേക്ക്

അനുവദിച്ച നൽകുകയുണ്ടായില്ല. വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് അനുവദിച്ച 3 ക്വാർട്ടറിലെയും തുകകളിൽ ചെലവഴിക്കാതെ, തുക അവശേഷിക്കുന്നുണ്ടെങ്കിൽ പ്രസ്തുത തുക നാലാം ക്വാർട്ടറായി ചെലവഴിക്കുന്നതിന് പരാമർശം (5) പ്രകാരം ജില്ലകളിലേക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനാൽ പരാമർശം (4) പ്രകാരം അനുവദിച്ച ഉത്തരവ് റദ്ദുചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ 14 ജില്ലകളിലെയും പ്രോഗ്രാം ഓഫീസർമാർ ലഭ്യമാക്കിയ 4-ാം ക്വാർട്ടറിൽ ചിലവഴിച്ച തുക സംബധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ആകെ 73,76,500/- രൂപ ചുവടെ പറയും പ്രകാരം ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| **നാലാം ക്വാർട്ടറിലേക്ക് ആവശ്യമായ തുകയുടെ വിശദാംശം** | | | |
|---|---|---|---|
| **ക്രമ നം.** | **ജില്ല** | **4-ാം ക്വാർട്ടർ നടത്തിയ ക്ലാസ്സുകളുടെ എണ്ണം** | **4-ാം ക്വാർട്ടറിൽ ആവശ്യമായ തുക** |
| 1 | തിരുവനന്തപുരം | 2697 | 6,74,250 |
| 2 | കൊല്ലം | 2938 | 6,43,250 |
| 3 | പത്തനംതിട്ട | 1107 | 2,96,750 |
| 4 | ആലപ്പുഴ | 318 | 3,07,750 |
| 5 | കോട്ടയം | 2000 | 4,27,250 |
| 6 | ഇടുക്കി | 1449 | 3,47,500 |
| 7 | എറണാകുളം | 2858 | 6,83,500 |
| 8 | തൃശ്ശൂർ | 2471 | 5,98,250 |
| 9 | പാലക്കാട് | 2359 | 6,25,000 |
| 10 | മലപ്പുറം | 3649 | 9,12,250 |
| 11 | കോഴിക്കോട് | 2938 | 7,34,500 |
| 12 | വയനാട് | 874 | 2,18,500 |
| 13 | കണ്ണൂർ | 2504 | 6,26,000 |
| 14 | കാസർഗോഡ് | 1143 | 281750 |
| | **ആകെ** | **29305** | **73,76,500** |

**(എഴുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം)**

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക ഓരോ ICDS കളിലെയും

അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി അതാത് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് സഹിതം കൈമാറേണ്ടതും, ശിശുവികസന പദ്ധതി ഓഫീസർമാർ ടി തുക ബോധവൽക്കരണ ക്ലാസുകൾ നയിച്ച റിസോഴ്സ് പേഴ്സൺസിന് അനുവദിച്ചു നൽകേണ്ടതുമാണ്.

തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപ്പത്രം CDPO മാർ പ്രോഗ്രാം ഓഫീസർമാർ മുഖേന സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിനാവശ്യമായ ചെലവു നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68 (03)(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

AFSANA PERWEEN IAS

**Signed by Afsana Perween IAS**

വനിത ശിശു വികസന ഡയറക്ടർ

**Date: 22-11-2023 12:46:34**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

<u>പകർപ്പ്</u>

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

3) സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ

4) സൂപ്രണ്ട്, ITസെൽ

5) സ്റ്റോക്ക് ഫയൽ/ സ്പെയർ